## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2348** | **08.12.2015 - ൽ മറുപടിക്ക്.**

### മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ

ചോദ്യം
ശ്രീ. എം.വി. ശ്രേയാംസ് കുമാർ
ശ്രീ. റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്

**മറുപടി**
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

| ചോദ്യം | | മറുപടി |
|---|---|---|
| (എ) മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ പ്രവർത്തനം വിശദമാക്കുമോ ; | (എ) : | ചെറുകിട വ്യവസായത്തിന്റെ ഉന്നമനം ലക്ഷ്യമാക്കിയാണ് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ പ്രവർത്തനം ആരംഭിച്ചത്. ഇത് ഒരു സഹകരണസംഘമായി ജില്ലാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു. മിനി വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കാൻ സർക്കാർ ഭൂമി കൂടാതെ, പഞ്ചായത്തുകൾ മുഖേനെയും വ്യക്തികളിൽ നിന്നു ദാനമായും ഭൂമി ഏറ്റെടുക്കുന്നു. പ്രസ്തുത സംഘം സ്ഥലം ഏറ്റെടുത്ത് റോഡ്, വെള്ളം വൈദ്യുതി, ഡ്രെയിനേജ്, സ്വീവേജ് തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തി ചെറുകിട വ്യവസായ സംരംഭകരെ സഹായിക്കുന്നു. ഇവിടെ ആവശ്യമുള്ള ഷെഡുകളും കെട്ടിടങ്ങളും നിർമ്മിച്ച് വാടകയ്ക്കോ ഹയർ പർച്ചേസ് സംവിധാനത്തിലോ അംഗങ്ങൾക്ക് നൽകി പ്രവർത്തനത്തിന് സഹായിക്കുന്നു. ഗ്രാമീണ മേഖലയിൽ ചെറുകിട വ്യവസായ വികസനത്തിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നുള്ളതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. |
| (ബി) പ്രസ്തുത എസ്റ്റേറ്റുകൾ നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (ബി) : | മിനി വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കപ്പെട്ടിരിക്കുന്നത് ജില്ലാടിസ്ഥാനത്തിലായതിനാൽ ജില്ലകൾ തോറും ബൈലോകൾ വ്യത്യസ്തങ്ങളാണ്. |

ഇവിടുത്തെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളും വ്യത്യസ്ഥമാണ്. സ്ഥലത്തിന്റെ/ഷെഡിന്റെ മോർട്ട്ഗേജ് സംബന്ധിച്ചും പ്രശ്നം നിലനിൽക്കുന്നുണ്ട്. ഭൂരിഭാഗം മിനി വ്യവസായ എസ്റ്റേറ്റുകളിലെയും അടിസ്ഥാന സൗകര്യങ്ങൾ കാലഹരണപ്പെട്ടതാണ്. അവയ്ക്ക് അറ്റകുറ്റപ്പണി നടത്തേണ്ടതായിട്ടുണ്ട്.

| | | |
|---|---|---|
| (സി) | പ്രസ്തുത എസ്റ്റേറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (സി) : മിനി വ്യവസായ സഹകരണ സംഘങ്ങളെ സംബന്ധിച്ച് സമഗ്രമായ പഠനം നടന്നുവരുന്നു. എല്ലാ സംഘങ്ങളിലും ഭരണശൂന്യത ഒഴിവാക്കാൻ ഇലക്ഷൻ കൃത്യമായി നടത്തുവാൻ 25/08/2015-ന് കൂടിയ ഡെപ്യൂട്ടി രജിസ്ട്രാർമാരുടെ യോഗം തീരുമാനിച്ചിട്ടുണ്ട്. മിനി വ്യവസായ സഹകരണ സംഘങ്ങളുടെ ബൈലോ ഏകീകരിക്കുന്നതിനും ജീവനക്കാരുടെ വേതന ഘടന പരിഷ്കരിക്കുന്നതിനും 6 അംഗ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ഈ കമ്മിറ്റി യോഗം ചേർന്ന് വ്യക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ.